(ഡി) നെടുമങ്ങാട്ട് താലൂക്കിലെ മറ്റ് നിയോജകമണ്ഡലങ്ങളെക്കാൾ പാലോട് നിയോജകമണ്ഡലത്തിൽ പ്രൈമറിസ്കൂളുകൾ കുറവാണെന്നറിയാം.

(ഇ) പ്രൈവറ്റ് പ്രൈമറിസ്കൂളുകൾ തുടങ്ങുവാൻ നാട്ടുകാർ അപേക്ഷകൾ നിശ്ചിതസമയത്ത് സമർപ്പിക്കുകയും, ഡിപ്പാർട്ടുമെന്റ് സ്കൂളുകൾ തുടങ്ങുന്നതിനാണെങ്കിൽ അതിനു് ആവശ്യമായ സ്ഥലവും കെട്ടിടവും ഡിപ്പാർട്ടുമെന്റ് നിർദ്ദേശപ്രകാരം ഉണ്ടാക്കിക്കൊടുക്കാമെന്നു് നാട്ടുകാർ ഉറപ്പുകൊടുക്കുകയും ചെയ്യുകയാണെങ്കിൽ വരുന്ന സ്കൂൾവർഷം പുതിയ സ്കൂളുകൾ തുറക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

അദ്ധ്യാപകന്മാരുടെ ശമ്പളനിരക്കു്.

186. [33] ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-1-1949-ൽ കൊച്ചിയിലേയും തിരുവിതാംകൂറിലേയും പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളനിരക്കു് എന്തു്;

(ബി) 1-1-51-ൽ ഈ നിരക്കിൽ എന്തു ഭേദപ്പെടുത്തി;

(സി) 1-1-55-ൽ ഈ നിരക്കെന്തു്;

(ഡി) 15-6-1955-ൽ ഈ നിരക്കെന്തു്?

ഉത്തരം

(എ) കൊച്ചി-30-1-40-2-50.

തിരുവിതാംകൂർ 25.

(ബി) ഒന്നും ഭേദപ്പെടുത്തിയിട്ടില്ല.

(സി) 30-1-40-2-50; 30-1-40-2-50.

(ഡി) 35-1-40-2-50-3-80; 35-1-40-2-50-3-80.

പമ്പിംഗ് സബ്സിഡി.

187. [34] ശ്രീ. എൻ. പരമേശ്വരൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശേരി താലൂക്കിലെ പുഞ്ചകൃഷിക്കാർക്കു് 1129-ാമാണ്ടത്തെ പമ്പിംഗ് സബ്സിഡി കൊടുത്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണമെന്തു്?

ഉത്തരം

(എ) ഇല്ല.

(ബി) ചങ്ങനാശേരിതാലൂക്കിലെ കർഷകരുടെ സൗജന്യത്തിനുവേണ്ടിയുള്ള അപേക്ഷകൾ യഥാസമയം പുഞ്ചകൃഷിസ്പെഷ്യൽ ആഫീസിൽ ലഭിച്ചില്ല. തന്മൂലം അതിലേക്കു് ആവശ്യമായ തുക കണക്കിൽ ഉൾപ്പെടുത്താൻ കഴിഞ്ഞതില്ല. ചങ്ങനാശേരി കർഷകർക്കു് 1129-ൽ കിട്ടാനുള്ള സബ്സിഡി ഇക്കൊല്ലം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly